# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കൃഷി (ഫാംസ്) വകുപ്പ്

സ.ഉ.(പി)156 /2012/കൃഷി. തീയതി, തിരുവനന്തപുരം 27/06/2012.

---

പരാമർശം - 10/02/2011-ലെ സ.ഉ.(എം.എസ്) 43/2011/കൃഷി.

## ഉത്തരവ്

മുകളിൽ പരാമർശിച്ച ഉത്തരവിൻ പ്രകാരം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ച ശേഷം താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ശമ്പള സ്കെയിൽ**

ഫാം തൊഴിലാളികൾക്ക് നിലവിലുള്ള 5 ശമ്പള സ്കെയിലുകൾ താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിക്കുന്നു:

**ശുപാർശ ചെയ്യുന്ന ശമ്പള സ്കെയിലുകൾ**

| ക്രമ നം. | നിലവിലുള്ള സ്കെയിലുകൾ ജി.ഒ.(പി) നം.34/08/കൃഷി തീയതി 25.2.2008 പ്രകാരം | പരിഷ്കരിച്ച സ്കെയിലുകൾ |
|---|---|---|
| 1 | 4300-100-4400-110-4510-120-4990-130-5510-140-5930 | 8500-230-9190-250-9940-270-11020-300-12220-330-13210 |
| 2 | 4400-110-4510-120-4990-130-5510-140-5930-150-6680 | 8730-230-9190-250-9940-270-11020-300-12220-330-13540 |
| 3 | 4510-120-4990-130-5510-140-5930-150-6680- 160-7480 | 8960-230-9190-250-9940-270-11020-300-12220-330-13540- 360-14260 |
| 4 | 4990-130-5510-140- 5930-150-6680-160-7480-170-7990 | 9190-250-9940-270-11020-300-12220-330-13540-360-14980-400-15780 |
| 5 | 5510-140-5930-150-6680-160-7480-170-7990-200-8590 | 9940-270-11020-300-12220-330-13540-360-14980-400-16580 |

**ക്ഷാമബത്ത**

സംസ്ഥാന ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിക്കുന്ന ഡി.എ. അതേ നിരക്കിലും വ്യവസ്ഥകളിലും അനുവദിക്കുന്നു.

**ഗ്രേഡ് നിർണ്ണയം**

സമിതി ശുപാർശ ചെയ്തുപോലെ 8,15,22,27 വർഷം സർവ്വീസ് തികയുന്ന മുറയ്ക്ക് താഴെ പറയും പ്രകാരം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നു.

| | |
|---|---|
| **പരിഷ്കരിച്ച സ്കെയിൽ** | 8500-230-9190-250-9940-270-11020-300-12220-330-13210 |
| ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് ( 8 വർഷം) | 8730-230-9190-250-9940-270-11020-300-12220-330-13540 |
| രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് ( 15 വർഷം) | 8960-230-9190-250-9940-270-11020-300-12220-330-13540-360-14260 |
| മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് ( 22 വർഷം) | 9190-250-9940-270-11020-300-12220-330-13540-360-14980-400-15780 |
| നാലാം സമയ ബന്ധിത ഹയർ ഗ്രേഡ് (27 വർഷം) | 9940-270-11020-300-12220-330-13540-360-14980-400-16580 |

**കാഷ്വൽ തൊഴിലാളികളുടെ വേതനം**

കാഷ്വൽ തൊഴിലാളികളെ അവരുടെ സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന രീതിയിൽ തരംതിരിച്ച് ദിവസവേതന നിരക്ക് അനുവദിക്കുന്നു.

| | | **അടിസ്ഥാന ശമ്പളം** | |
|---|---|---|---|
| | | **നിലവിലുള്ളത്** | **പുതുക്കിയത്** |
| 1 | 5 വർഷം വരെ സർവ്വീസുള്ളവർ | 175 രൂപ | 340 രൂപ |
| 2 | 5 വർഷം മുതൽ 15 വർഷം വരെ | 180 രൂപ | 350 രൂപ |
| 3 | 15 വർഷത്തിനു മുകളിൽ സർവ്വീസുള്ളവർ | 185 രൂപ | 360 രൂപ |

സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ക്ഷാമബത്ത അതേ നിരക്കിലും രീതിയിലും കാഷ്വൽ തൊഴിലാളികൾക്കും നൽകാവുന്നതാണ്.

**മുൻകാല പ്രാബല്യവും കുടിശ്ശികയും.**

പുതുക്കിയ ശമ്പള സ്കെയിലിന്റേയും വിവിധ അലവൻസുകളുടേയും പ്രാബല്യം 26/02/2011-ലെ ജി.ഒ.(പി) നം.85/2011/ധന. (ശമ്പള പരിഷ്കരണ ഉത്തരവ്) എന്ന ഉത്തരവിലെ ഖണ്ഡികകൾ 42 & 43 പ്രകാരം ആയിരിക്കും.

**ഫിക്സേഷൻ/ ഓപ്ഷൻ**

പേ ഫിക്സേഷൻ, ഫിറ്റ്മെന്റ് ആനുകൂല്യം, സർവ്വീസ് വെയിറ്റേജ്, ഓപ്ഷൻ എന്നീ വിഷയത്തിൽ സർക്കാർ ജീവനക്കാരുടെ നിലവിലുള്ള അതേ രീതി അനുവദിക്കുന്നു.

## അലവൻസുകൾ

**വീട്ടു വാടക അലവൻസ്**

പ്രതിമാസ വീട്ടു വാടക അലവൻസ് 150 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിക്കുന്നു.

**യൂണിഫോം**

2009 ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ പേജ് 6 ഖണ്ഡിക 22 പ്രകാരം യൂണിഫോം അലവൻസ് എന്നതിൽ തയ്യൽക്കൂലി, വാഷിംഗ് അലവൻസ്, Cost of cloth എന്നിവ ഉൾപ്പെട്ടതാണ്. പി.ആർ 2009-ലെ (Annex – VIII) -ൽ ഉൾപ്പെടാത്ത ജീവനക്കാർക്ക് പ്രതിവർഷം യൂണിഫോം അലവൻസായി 1600 രൂപ അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

ആയതിനാൽ ഫാം തൊഴിലാളികൾക്കൊപ്പം കാഷ്വൽ തൊഴിലാളികൾക്കും ഈ നിരക്ക് ബാധകമാക്കുന്നതാണ്.

**<u>ഗാംബൂട്ട്</u>**

ഇപ്പോൾ ഗാംബൂട്ട് നൽകികൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് അത് തുടർന്നും നൽകാവുന്നതാണ്.

**<u>ഹിൽട്രാക്ക് അലവൻസ്</u>**

നിലവിൽ നൽകി വരുന്ന രീതിയിൽ / നിരക്കിൽ ഹിൽട്രാക്ക് അലവൻസ് പ്രതിമാസം 200 രൂപ അനുവദിക്കുന്നു.

**<u>ചപ്പൽ അലവൻസ്</u>**

നിലവിൽ നൽകി വരുന്ന 150/- രൂപയിൽ നിന്നും 200/- രൂപയാക്കി വർദ്ധിപ്പിക്കുന്നു.

**<u>കണ്ണട അലവൻസ്</u>**

കണ്ണട അലവൻസ് 10 വർഷത്തിലൊരിക്കൽ **1000/-** രൂപ അനുവദിക്കുന്നു.

**<u>സിറ്റി കോമ്പൻസേറ്ററി അലവൻസ്</u>**

സി. സി. എ. നിലവിലുള്ള **40** രൂപയിൽ നിന്ന് **150/-** രൂപയായി വർദ്ധിപ്പിക്കുന്നു.

**<u>മെഡിക്കൽ റീഇംപേഴ്സ്മെന്റ്</u>**

സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ രീതിയിൽ സ്ഥിരം ഫാം തൊഴിലാളികൾക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് തുടർന്നും അനുവദിക്കുന്നു.

**<u>സ്കിൽഡ് അലവൻസ്</u>**

ഇപ്പോൾ പ്രതിദിനം 2 രൂപ നിരക്കിൽ നൽകി വരുന്ന സ്കിൽഡ് അലവൻസ് പ്രതിദിനം 5 രൂപ നിരക്കിൽ അനുവദിക്കുന്നു.

**<u>റിസ്ക് അലവൻസ്</u>**

നിലവിലുള്ള പ്രതിമാസ റിസ്ക് അലവൻസ് **150** രൂപയിൽ നിന്ന് **200** രൂപയായി വർദ്ധിപ്പിക്കുന്നു.

**<u>യാത്രാബത്ത</u>**

ഔദ്യോഗിക ആവശ്യങ്ങൾക്കായി യാത്രചെയ്യുന്ന തൊഴിലാളികൾക്കു മാത്രം ക്ലാസ് **IV** ജീവനക്കാർക്ക് നൽകി വരുന്ന നിരക്കിൽ ഇപ്പോൾ നൽകി വരുന്നതുപോലെ യാത്ര ബത്തയും ദിന ബത്തയും അനുവദിക്കുന്നു.

## വായ്പകളും അഡ്വാൻസുകളും വിവാഹ ധന സഹായവും

### വിവാഹ ധനസഹായം

നിലവിലുള്ള പലിശ നിരക്കിൽ മാറ്റം വരുത്താതെ വിവാഹ ധനസഹായവായ്പയുടെ പരിധി നിലവിലുള്ള 25000/- രൂപയിൽ നിന്നും 30000/- രൂപയാക്കി വർദ്ധിപ്പിക്കുന്നു.

### ഫ്യൂണറൽ അഡ്വാൻസ്

സർവ്വീസിലിരിക്കേ മരണമടയുന്ന തൊഴിലാളികളുടെ മരണാനന്തര ചെലവുകൾക്കായി അനുവദിക്കുന്ന പലിശ രഹിത അഡ്വാൻസ് 3000/- രൂപയിൽ നിന്നും 5000/- രൂപയായി വർദ്ധിപ്പിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**കെ. ആർ ജ്യോതിലാൽ**
**സെക്രട്ടറി**

കൃഷി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും
കൃഷി (ക്ഷീരവികസന) വകുപ്പ്
കൃഷി (മൃഗസംരക്ഷണ) വകുപ്പ്
കൃഷി, മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ക്ഷീര വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1768 തീയതി 06.06.2012)
ധനകാര്യ വകുപ്പ് (97310/AWB2/2011/Fin. പ്രകാരം)
പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

# ഓപ്ഷൻ ഫോം

(ശമ്പള നിർണ്ണയ വ്യവസ്ഥകൾ കാണുക)

ഞാൻ................................................പുതുക്കിയ ശമ്പള സ്കെയിലായ ……................................(സ്കെയിൽ)..................................തീയതി മുതൽ തെരഞ്ഞെടുക്കുന്നു.

**അല്ലെങ്കിൽ**

ഞാൻ..........................................................................നിലവിലുള്ള ശമ്പള സ്കെയിലായ …....................................................................... സ്കെയിലിൽ.........................................(തീയതി) വരെ തുടരുന്നതിന് തെരഞ്ഞെടുക്കുകയും ആ തീയതി മുതൽ എനിക്ക് അർഹതപ്പെട്ട ഉയർന്ന സ്കെയിൽ നൽകേണ്ടതുമാണ്.

ഒപ്പ്
പേര്
ഉദ്യോഗപ്പേര്

സ്ഥലം:
തീയതി:

ഓഫീസ്/വകുപ്പ്

ആവശ്യമില്ലാത്തത് വെട്ടിക്കളയുക